# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6147** **09-07-2024 - ൽ മറുപടിയ്ക്ക്**

## കേരള ബാങ്കിനെ തരംതാഴ്ത്തിയ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്ക് കേരള ബാങ്കിനെ സി ഗ്രേഡിലേക്ക് തരംതാഴ്ത്തിയപ്പോൾ വ്യക്തിഗത വായ്പകളുടെ പരിധി കുറഞ്ഞത് പ്രാഥമിക സഹകരണ സംഘങ്ങളെ ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ബാങ്കിന്റെ റേറ്റിംഗ് റിസർവ്വ് ബാങ്ക് മാറ്റിയിട്ടില്ല.<br><br>ഇന്ത്യയിൽ സഹകരണ ബാങ്കുകളുടെ ഗ്രേഡിംഗ്, സൂപ്പർവൈസർ എന്ന നിലയിൽ നബാർഡ് ആണ് നടത്തുന്നത്. ആയതു പ്രകാരം 2022-23 വാർഷിക പരിശോധനയിൽ ഗ്രേഡിംഗ് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള റേറ്റിംഗ് വ്യതിയാനം സംബന്ധിച്ച വായ്പാ പരിധിയിൽ നിന്ന് നബാർഡ് കാർഷിക വായ്പകളെയും ഭവന വായ്പകളെയും സഹകരണ സംഘങ്ങളുടെ വായ്പകളെയും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഗ്രേഡിംഗ് വ്യത്യാസം സഹകരണ സംഘങ്ങളെ യാതൊരു വിധത്തിലും ബാധിക്കില്ല. |
| (ബി) | പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പ ഇടപാടുകളിൽ ഇത് ഏതൊക്കെ രീതിയിൽ പ്രതിഫലിക്കും; വിശദാംശം നൽകുമോ? | (ബി) | കേരള ബാങ്കിന്റെ റേറ്റിംഗ് റിസർവ്വ് ബാങ്ക് മാറ്റിയിട്ടില്ല.<br><br>ഇന്ത്യയിൽ സഹകരണ ബാങ്കുകളുടെ ഗ്രേഡിംഗ്, സൂപ്പർവൈസർ എന്ന നിലയിൽ നബാർഡ് ആണ് നടത്തുന്നത്. ആയതു പ്രകാരം 2022-23 വാർഷിക പരിശോധനയിൽ ഗ്രേഡിംഗ് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള റേറ്റിംഗ് വ്യതിയാനം സംബന്ധിച്ച വായ്പാ പരിധിയിൽ നിന്ന് നബാർഡ് കാർഷിക വായ്പകളെയും ഭവന വായ്പകളെയും സഹകരണ സംഘങ്ങളുടെ വായ്പകളെയും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഗ്രേഡിംഗ് വ്യത്യാസം സഹകരണ സംഘങ്ങളെ യാതൊരു വിധത്തിലും ബാധിക്കില്ല. |

സെക്ഷൻ ഓഫീസർ